**ഭരണ ഭാഷ മാതൃ ഭാഷ**

എച്ച്2/19500/2019/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 17/5/2019

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും
എല്ലാ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫിസർമാർക്കും
എല്ലാ സംസ്ഥാന, ജില്ലാ നോഡൽ ഓഫിസർമാർക്കും

സർ,

വിഷയം: പൊവി- എയിഡഡ് നിയമനാംഗീകാരം- ഓൺലൈൻ ആയി നിർവഹിക്കുന്നതു സംബന്ധിച്ച്

സൂചന: ഈ ഓഫിസിൽ നിന്നുള്ള 13/5/2019 ലെ ഇതേ നമ്പർ കത്ത്

മേൽ സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 വർഷത്തെ നിയമനാംഗീകാരം ഓൺലൈൻ ആയി നിർവഹിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നുവരികയാണ്. ആയതിന്റെ ഭാഗമായി എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലെയും ബന്ധപ്പെട്ട ജീവനക്കാർക്ക് ഇതിനകം തന്നെ പരിശീലനം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തുടർ പ്രവർത്തനങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും ജില്ലാ നോഡൽ ഓഫീസർമാരുടെ സഹായത്തോടെ സമയബന്ധിതമായി നിർവഹിക്കേണ്ടതാണ്.

1. **നിയമനാംഗീകാരം ഓൺ ലൈൻ ആയി നിർവഹിക്കുന്ന സോഫ്റ്റ് വെയറിൽ പരിശീലന സമയത്ത് ഉൾപ്പെടുത്തിയ ഡാറ്റകൾ ഒഴിവാക്കി 20/5/2019 ന് സിസ്റ്റം റീസെറ്റ് ചെയ്യുന്നതാണ്.**

2. **21/5/2019 ന് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഓഫീസുകളിലും മേൽ പ്രകാരം റീസെറ്റ് ചെയ്ത ഡാറ്റ പരിശോധിക്കേണ്ടതാണ്.** ഓഫീസുകളിലെ ജീവനക്കാരുടെ പേര്, PEN, മൊബൈൽ നമ്പർ, ഇ മെയിൽ ഐഡി എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടന്ന് ഉറപ്പ വരുത്തേണ്ടതാണ്. എല്ലാ ഓഫീസുകളിലെയും ജീവനക്കാരുടെ യൂസർ ഐഡി അവരുടെ PEN തന്നെയാണെന്നും ആയത് കൃത്യമായി തന്നെയാണ് യൂസർ ലോഗിനിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ഉറപ്പ വരുത്താൻ അതാത് വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

3. ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളുടെയും പേരു വിവരം, സ്കൂൾ ലിസ്റ്റുമായി ഒത്തു നോക്കി ആയത് തന്നെയാണ് വെബ് സൈറ്റിൽ എന്റർ ചെയ്തിരിക്കുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്. ഒന്നിലധികം സ്കൂളുകളുള്ള വ്യക്തിഗത/ കോർപ്പറേറ്റ് മാനേജ് മെന്റിന്റെ കീഴിലെ എല്ലാ സ്കൂളുകളും മാപ്പ് ചെയ്തിട്ടുണ്ടെന്നു കൂടി ഉറപ്പുവരുത്തേണ്ടത് അതാത് ഹെഡ് ക്വാർട്ടർ ഡിഇഒ മാരാണ്. ( അതായത് എഡ്യുക്കേഷനൽ ഏജൻസിയുടെ ഹെഡ്ഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന പ്രദേശത്തുള്ള ഡിഇഒ) ഇത്തരം മാനേജുമെന്റിനു കീഴിലെ സ്കൂളുകൾ റീസെറ്റ് ചെയ്യുന്ന വേളയിൽ തന്നെ മാപ്പ ചെയ്തു വച്ചിട്ടുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

4. **വെബ് സൈറ്റിൽ എല്ലാ ജീവനക്കാരുടെയും സ്കൂളുകളുടെയും വിവരം ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തിയ സാക്ഷ്യപത്രം അതാത് വിദ്യാഭ്യാസ ഓഫീസർമാർ 21/5/2019 ന് വൈകിട്ട് 5 മണിക്കകം അതാത് ജില്ലാ നോഡൽ ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതാണ്.** കൂടാതെ എന്തെങ്കിലും വിവരം വിട്ടു പോയിട്ടുണ്ടെങ്കിലോ, രണ്ടു തവണ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലോ അക്കാര്യവും ജില്ലാ നോഡൽ

ഓഫിസർമാരെ സമയക്രമം പാലിച്ച കൊണ്ട് അറിയിക്കേണ്ടതാണ്. ജില്ലാ നോഡൽ ഓഫിസർമാർ മേൽപ്രകാരം ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട ജില്ലയുടെ ചുമതലയുള്ള സംസ്ഥാന നോഡൽ ഓഫിസർമാരെ അറിയിക്കേണ്ടതാണ്.

5. **മാനേജർമാർക്കു കൂടി ഈ സോഫ്റ്റ് വെയർ സംബന്ധിച്ച അവബോധം നൽകേണ്ടതുണ്ട്. സോഫ്റ്റ് വെയർ പരിചയപ്പെടുത്തൽ പരിപാടി 22/5/2019 നും 25/5/2019 നും ഇടയിലുള്ള സൌകര്യ പ്രദമായ ഒരു ദിവസം ഉപ ജില്ലാ തലത്തിൽ നടത്തേണ്ടതും അതിൽ പ്രസ്തുത ഉപ ജില്ലയുടെ പരിധിയിൽ വരുന്ന ഹൈസ്കൂൾ മാനേജർമാരെ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.** ഉപ ജില്ലയിലെ എയിഡഡ് സ്കൂളുകളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി ഒന്നിലധികം ഉപ ജില്ലകളെ കൂട്ടിച്ചേർത്ത് ഈ പരിപാടി നടത്താവുന്നതാണ്. ജില്ലാ വിദ്യാഭ്യാസ ഓഫിസർമാരുടെ നിയന്ത്രണത്തിലും അവരുടെ സാന്നിദ്ധ്യത്തിലും ഉപ ജില്ലാ വിദ്യാഭ്യാസ ഓഫിസർമാരാണ് ഈ പരിപാടി നടത്തേണ്ടത്. . മുൻപ് പരിശീലനം ലഭിച്ച ജീവനക്കാരുടെ സേവനം ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പരിപാടി സംബന്ധിച്ച വിശദാംശങ്ങൾ , വേദി, തിയതി എന്നീ വിവരങ്ങൾ അതാത് ജില്ലാ നോഡൽ ഓഫീസർമാരെ മുൻ കൂട്ടി അറിയിക്കേണ്ടതും ജില്ലാ നോഡൽ ഓഫീസർമാർ മേൽപ്രകാരം ലഭിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട സംസ്ഥാന നോഡൽ ഓഫീസർമാരെ അറിയിക്കേണ്ടതുമാണ്.

6. മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ എല്ലാം തന്നെ ജില്ലാ നോഡൽ ഓഫീസർമാർ കൃത്യമായി മോണിറ്റർ ചെയ്യേണ്ടതും സമയ ബന്ധിതമായി സംസ്ഥാന നോഡൽ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. സംസ്ഥാന നോഡൽ ഓഫീസർ സെല്ലിലെ അംഗങ്ങൾ അവർക്ക് ചുമതലയുള്ള ജില്ലകളിൽ നടക്കുന്ന സോഫ്റ്റ് വെയർ പരിചയപ്പെടുത്തൽ പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്

നിർദിഷ്ട സമയപരിധിക്കുള്ളിൽ വെബ് സൈറ്റ് പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്താത്തതു കാരണം ഏതെങ്കിലും മാനേജർക്ക് അപേക്ഷ ഓൺ ലൈനായി സമർപ്പിക്കാൻ സാധിക്കാതെ വരികയോ, ഓഫീസിൽ നിന്ന് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വരികയോ ഉണ്ടായാൽ ആയതിന്റെ പൂർണ ഉത്തരവാദിത്തം അതാത് ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കായിരിക്കും എന്നു കൂടി ഓർമ്മപ്പെടുത്തുന്നു.

വിശ്വസ്തതയോടെ

**ജെസ്സി ജോസഫ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ ( ഇൻ ചാർജ്)**

പകർപ്പ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
***(ജില്ലയിലെ എല്ലാ ഉപ ജില്ലകളിലും വിദ്യാഭ്യാസ ജില്ലകളിലും മേൽ പറഞ്ഞ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്ന് വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്)***